**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 946.

11.06.2014-ലെ മറുപടിയ്ക്ക്

**താനൂർ, ഒട്ടുമ്പ്രം ബീച്ച് ടൂറിസം പദ്ധതി**

| ചോദ്യം<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>**ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
|---|---|---|
| (എ) | താനൂർ നിയോജക മണ്ഡലത്തിലെ ഒട്ടുമ്പ്രം ബീച്ച് ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; | (എ) താനൂർ നിയോജക മണ്ഡലത്തിലെ ഒട്ടുമ്പ്രം ബീച്ച് ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണ ചുമതല കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപറേഷനെയാണ് ഏൽപിച്ചിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് രണ്ടാം ഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) സ്ത്രീകൾക്കും പുരുഷൻമാർക്കുമുള്ള പവിലിയനും ടോയ്ലറ്റ് ബ്ലോക്കും, പവിലിയൻ, യൂട്ടിലിറ്റി ഷോപ്പ്, ആംബി തീയറ്റർ, ഫുഡ് കോർട്ട്, പോഡിയം, വാക്ക് വേ, പർഗോള, പ്രവേശന കവാടം, കാർ പാർക്കിംഗ് ഏരിയ, വുഡൻ റെയിൽ, റോഡിന്റെ നവീകരണം, വിളക്കു കാലുകൾ എന്നിവയാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി യിട്ടുള്ളത്. |
| (സി) | എത്ര രൂപയാണ് ഇതിനായി നീക്കി വെച്ചിട്ടുള്ളത് ; | (സി) ഒട്ടുമ്പ്രം ബീച്ച് രണ്ടാം ഘട്ട ടൂറിസം പദ്ധതിയ്ക്കായി 24.06.2013ലെ സ.ഉ (സാധാ) നം.5150/2013/ടൂറിസം പ്രകാരം 1,39,50,000/- രൂപ (ഒരു കോടി മുപ്പത്തൊമ്പത് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഡി) | ഒട്ടുമ്പ്രം ബീച്ച് ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 10 മാസം കൊണ്ട് പൂർത്തിയാക്കി ടൂറിസ്റ്റുകൾക്ക് തുറന്നു കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ